17

# ശിഷ്യത്വത്തിനുള്ള ക്ഷണം

## ലൂക്കൊാസ് 5:1 - 11, അടുത്ത നോട്ടം

യേശുവിനെ അനുഗമിക്കുന്ന ഒരാളെ പറയുവാൻ സാധാരണ ബൈബിൾ ഉപയോഗിച്ചിരിക്കുന്ന പദം "ശിഷ്യൻ" എന്നായിരുന്നു (മത്തായി 5:1; 8:21, 23; 9:19; പ്രവൃത്തികൾ 6:1, 2, 7; 9:1). ഗ്രീക്ക് വാക്ക് തർജിമ ചെയ്ത "ശിഷ്യൻ" എന്ന വാക്കിന്റെ അർത്ഥം "പഠിക്കുന്നവൻ"[1] എന്നാണ്. എല്ലാ അർത്ഥത്തിലും, ഒരു ശിഷ്യൻ ഗുരുവിനെ പിൻപറ്റുന്നവനും (മത്തായി 16:24), ഗുരുവിൽനിന്നു പഠിച്ച് (മത്തായി 11:29), പിന്നെ ആ ഗുരുവിന്റെ ഉപദേശം അനുസരിക്കുന്നവനുമാണ് (യോഹന്നാൻ 8:31). അന്ന് ഗുരു/ശിഷ്യ ബന്ധം ആഴത്തിൽ നിലനിന്നിരുന്നു. വാസ്തവത്തിലുള്ള ഒരു ശിഷ്യൻ ഗുരുവിനെ പോലെ ആയി തീർന്നിരുന്നു (മത്തായി 10:25).

"ശിഷ്യത്വത്തിനുള്ള ക്ഷണം" എന്നതിനെ കുറിച്ചുള്ള ഈ പ്രസംഗത്തിന്, നമുക്കുള്ള വേദഭാഗം ലൂക്കൊാസ് 5:1–11[2] ആണ്, അവിടെ യേശു പത്രൊസിനേയും സ്നേഹിതരേയും ക്ഷണിച്ച സന്ദർഭത്തെയാണ് പറയുന്നത്. നമ്മുടെ പഠനത്തിനിടയിൽ, ശിഷ്യത്വത്തിനു വേണ്ട ചില ആവശ്യകതകൾ നാം മനസ്സിലാക്കും.

### നിങ്ങൾ ചിലതു പഠിക്കണം
### (വാ. 1-3)

നിങ്ങൾക്ക് യേശുവിന്റെ ശിഷ്യനാകണമെങ്കിൽ, നിങ്ങൾ ചിലതു പഠിക്കണം. നിങ്ങൾ കർത്താവിനാൽ ഉപദേശിക്കപ്പെടുവാൻ തയ്യാറാകണം. എല്ലാം–അറിയാമെന്ന മനോഭാവമുള്ള ചിലർ പറയും, "ആർക്കും *എന്നെ* ഒന്നും പഠിപ്പിക്കുവാൻ കഴിയുകയില്ല." നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുവാൻ തയ്യാറാകുന്നതുവരെ, ക്രിസ്തുവിന്റെ ശിഷ്യനാകുവാൻ സാധ്യമല്ല. അതിന്റെ പ്രാധാന്യം നമ്മുടെ പാഠത്തിൽ കാണും.

യേശു ഗലീലാ കടൽക്കരയിൽ[3] പ്രസംഗിക്കുന്നതോടെയാണ്, കഥ ആരംഭിക്കുന്നത്. അടുത്തായി, ശിമോൻ പത്രൊസ് തന്റെ പടകിനരികിലിരുന്നു, വല വൃത്തിയാക്കിക്കൊണ്ടിരിക്കയായിരുന്നു. രാത്രി മുഴുവൻ പത്രൊസും കൂട്ടുകാരും അദ്ധ്വാനിച്ചു, എന്നാൽ അവർ ക്ഷീണിതരും അവരുടെ വലകൾ അഴുക്കു നിറഞ്ഞതുമായി. പത്രൊസ് വലയിലുള്ള അഴുക്കു നീക്കുന്നതിനിടയിൽ, യേശുവിന്റെ ഉപദേശം തല ചരിച്ചു കേട്ടുകൊണ്ടിരുന്നതു, എനിക്ക് ഊഹിക്കുവാൻ കഴിയും. ആ മീൻ പിടിത്തക്കാരൻ ആദ്യമായിട്ടായിരുന്നില്ല യേശുവിനെ കണ്ടത്. യെഹൂദ്യയിൽ വെച്ച് അവൻ യേശുവിനോടുകൂടെ നടന്നിരുന്നു. എങ്ങനെയായാലും, ഗലീലാ ദേശത്തു മടങ്ങിവന്നശേഷം, അവൻ തന്റെ പഴയ തൊഴിലിലേക്ക് തിരിച്ചു പോയിരുന്നു.

യേശു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, പുരുഷാരം തിങ്ങിക്കൂടുവാൻ തുടങ്ങി. താല്പര്യമുള്ള ജനക്കൂട്ടം ക്രിസ്തുവിനു ചുറ്റും കൂടി അവനെ തടാകത്തിനടുത്തേക്കു നീക്കി കൊണ്ടുപോയപ്പോൾ, അവന്റെ ചെരുപ്പു വെള്ളത്തിൽ നനയുമെന്ന സ്ഥിതിയിലെത്തി. അപ്പോൾ അവൻ പത്രൊസിന്റെ പടകിലേക്ക് ചാടി കയറി, മീൻ പിടിക്കുന്നവരോട്, പടക് തടാകത്തിലേക്ക് ഇറക്കുവാൻ ആവശ്യപ്പെട്ടു. അവിടെ, പടകിനെ താല്ക്കാലികമായ പ്രസംഗപീഠമാക്കി മാറ്റി, അതിൽ നിന്നുകൊണ്ട് യേശു തന്റെ പ്രസംഗം തുടർന്നു.

പടകിനെ നേരെ നിർത്തുവാൻ അതിന്റെ നടുവിൽ പത്രൊസ് കയറി ഇരുന്നപ്പോൾ, അവൻ എന്തുചെയ്തുകൊണ്ടിരിക്കയായിരുന്നു എന്നാണ് നിങ്ങൾ വിചാരിക്കുന്നത്? അവൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്താണ് ശ്രദ്ധിച്ചുകൊണ്ടിരുന്നത്? നമ്മുടെ വേദഭാഗം പറയുന്നത് യേശു "ദൈവവചനം" പ്രസംഗിച്ചുകൊണ്ടിരുന്നു എന്നാണ് (വാ. 1). വചനത്തിൽ ഒരു വിദ്യാർത്ഥിയാകാതെ നിങ്ങൾക്ക് കർത്താവിന്റെ ഒരു ശിഷ്യനാകുവാൻ സാധ്യമല്ല. യേശു പറഞ്ഞു, "ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ, എന്റെ നുകം ഏറ്റു കൊണ്ടു എന്നോടു *പഠിപ്പിൻ*, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും" (മത്തായി 11:29; എംഫസിസ് മൈൻ). ശിഷ്യന്മാരെന്നു അവകാശപ്പെടുന്ന ചിലർ വർഷങ്ങൾക്കുശേഷവും ബൈബിളിൽ അജ്ഞതയുള്ളവരായി നിലനില്ക്കുന്നു – എന്നാൽ എഴുതപ്പെട്ട വചനത്തിലെ അവന്റെ സത്യങ്ങളെ കുറിച്ചു പഠിക്കുന്ന ഗൌരവമേറിയ വിദ്യാർത്ഥിയാകാതെ നിങ്ങൾക്ക് ഒരു ശിഷ്യനാകുവാൻ കഴിയുകയില്ല!

## നിങ്ങൾ ചിലതു
## മനസിലാക്കണം (വാ. 3-8)

അവസാനം, യേശു തന്റെ പ്രസംഗം അവസാനിപ്പിച്ചു. അവൻ പുരുഷാരത്തോടുള്ള സംസാരമാണ് നിർത്തിയത്, പക്ഷെ പത്രൊസിനോടുള്ളത് അവസാനിപ്പിച്ചില്ല. പത്രൊസിനു കൂടുതൽ കഴിവുണ്ടായിരുന്നു എന്നാൽ അവൻ കൂടുതൽ പഠിക്കേണ്ടിയുമിരുന്നു. അവന്റെ അടുത്ത പാഠത്തിനു സമയമായി. മറ്റുള്ളവരിൽ നിന്നു, വ്യത്യസ്തനായ യേശു, എപ്പോഴും അപ്രതീക്ഷിതമായതു ചെയ്തിരുന്നു. അവൻ ശീമോനോട്, "ആഴത്തിലേക്ക് നീക്കി മീൻ പിടിത്തത്തിന്നു വല ഇറക്കുവിൻ" എന്നു പറഞ്ഞു (വാ. 4).

ഗലീലാ കടലിൽ മീൻ പിടിക്കുന്നവർ അറിഞ്ഞിരുന്നതൊക്കെയും പത്രൊസും അറിഞ്ഞിരുന്നു. മീൻപിടിത്തം പകലായിരുന്നില്ല – രാത്രിയായിരുന്നു, അത് ആഹാരത്തിനായി മുകളിലേക്കു വരുന്നതു രാത്രിയിലാണ്. മീൻ പിടിക്കുവാൻ പറ്റിയത് ആഴത്തിലല്ല – ആഴം കുറഞ്ഞ സ്ഥലമായിരുന്നു. അതിലുപരി, മീൻ ഉള്ളപ്പോൾ അവൻ തന്റെ ശ്രമം നടത്തേണ്ടത് – പത്തോ അതിലധികമോ മണിക്കൂറുകൾ അദ്ധ്വാനിച്ച് ഫലം കിട്ടാത്തതിനു ശേഷമല്ല, രാത്രി മുഴുവൻ ഉറങ്ങാതിരുന്ന് ക്ഷീണമുള്ളപ്പോഴു*മല്ല.*

പരിചയസമ്പന്നനും, കഠിനാദ്ധ്വാനിയും, വിജയകരമായി മീൻ പിടിക്കുന്നവനുമെന്ന നിലയിൽ, ഒരു തച്ചൻ (മർക്കൊസ് 6:3) വന്നു എങ്ങനെ മീൻ പിടിക്കണമെന്നു ശീമോനോട് പറഞ്ഞതിൽ അവന് അല്പം വെറുപ്പ് തോന്നിയത് സ്വാഭാവികമാണ്. (ഒരിക്കലും പ്രസംഗിച്ചിട്ടില്ലാത്ത ആരെങ്കിലും

വന്നു എന്നോട് എങ്ങനെ പ്രസംഗിക്കണമെന്നു പറഞ്ഞാൽ എനിക്ക് ദേഷ്യമുണ്ടാകും എന്നു ഞാൻ തുറന്നു പറയട്ടെ.) പത്രൊസിന്റെ പ്രതികരണം ഇതായിരിക്കാം സൂചിപ്പിക്കുന്നത്: "നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല ..." (വാ. 5).

എങ്ങനെയായാലും, അതിനെ തുടർന്നുവരുന്ന വാക്ക്, ശ്രദ്ധിക്കുക: "എങ്കിലും." "... *എങ്കിലും* നിന്റെ വാക്കിന്നു ഞാൻ വല ഇറക്കാം" (വാ. 5). കെജെവി ഉപയോഗിച്ചിരിക്കുന്ന വാക്ക് ഞാൻ ഇഷ്ടപ്പെടുന്നു: "എന്നിരുന്നാലും." മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ഞങ്ങൾ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും വിജയിച്ചില്ല ... *എന്നിരുന്നാലും* ... വീണ്ടും ശ്രമിക്കുവാൻ *നീ* പറയുകയാണെങ്കിൽ, ഞാൻ ചെയ്യാം. മീൻ പിടിത്തത്തെകുറിച്ച് ഒരു ദശാബ്ദക്കാലമായി ഞാൻ പഠിച്ചതിനെല്ലാം എതിരാണ് അത്, എന്നാൽ *നീ* ചെയ്യുവാൻ പറയുന്നത് ഞാൻ ചെയ്യും."

പത്രൊസിനു അത്തരം മനോഭാവം എങ്ങനെ ഉണ്ടായി? യേശുവിനെ അവൻ സംബോധന ചെയ്ത പേരിലുണ്ട് അതിന്റെ ഉത്തരം: "നാഥാ." മൂലഗ്രന്ഥത്തിൽ, "യജമാനൻ" അല്ലെങ്കിൽ "കർത്താവ്"[4] എന്നതിന് ഇതല്ല സാധാരണ ഉപയോഗിച്ചിരുന്ന വാക്ക്. യേശുവിനു മാത്രം ഉപയോഗിച്ചിരുന്ന ഒരു പ്രത്യേക പേരായി, ലൂക്കൊസ് മാത്രമാണ് ഇതു ഉപയോഗിച്ചത് (ലൂക്കൊസ് 8:24, 45; 9:33, 49; 17:13). "നില്ക്കുക" എന്നതിനുള്ള വാക്കിനെ "മുകളിൽ" എന്നതിനുള്ള വാക്കുമായി യോജിപ്പിക്കുന്ന സംയുക്ത ഗ്രീക്ക് വാക്കാണ് അത്. അതു "മുകളിൽ നില്ക്കുന്ന ഒരാളിനെ" യാണ് പറയുന്നത് – മറ്റൊരാളിൽ പൂർണ്ണാധികാരമുള്ള ഒരാളിനെയാണ് സൂചിപ്പിക്കുന്നത്. പത്രൊസ് യേശുവിന്റെ ആജ്ഞയോടു യോജിച്ചിരുന്നോ ഇല്ലയോ എന്നത് അപ്രധാനമായിരുന്നു. യേശു യജമാനനും, അവൻ ദാസനുമായിരുന്നു; അവൻ അനുസരിക്കുവാൻ തയ്യാറായി.

നമുക്ക് യേശുവിന്റെ ശിഷ്യന്മാർ ആകണമെന്നുണ്ടെങ്കിൽ, നാം ചിലത് മനസ്സിലാക്കേണ്ടതുണ്ട്: അവൻ *യജമാനൻ* ആണെന്ന് നാം മനസിലാക്കണം. നാം യജമാനനോട് നിർദ്ദേശിക്കുകയില്ല; അവൻ നമ്മോടാണ് നിർദ്ദേശിക്കുന്നത്. നാം എന്തു ചെയ്യുമെന്നും എന്തു ചെയ്യുകയില്ല എന്നും അവനോടു പറയുകയില്ല; നാം ചെയ്യേണ്ടത് അവനാണ് പറയുന്നത്. "യജമാനൻ" എന്നതു ശക്തമായ ഒരു വാക്കാണ്. യജമാനന്മാർ നിർദ്ദേശങ്ങൾ നൽകുകയില്ല; യജമാനന്മാർ ഉപദേശം നൽകുകയില്ല; യജമാനന്മാർ *കൽപനകൾ* ആണ് നൽകുന്നത് – അവ ചോദ്യം ചെയ്യാതെ അനുസരിക്കേണ്ടതായ കൽപനകളാണ്.

ആഴത്തിലേക്ക് തന്റെ പടക് നീക്കിയപ്പോൾ അത് ബുദ്ധിശൂന്യമെന്ന് ഒരുപക്ഷെ പത്രൊസിന് തോന്നിയിരിക്കാം. അവൻ വല വീശിയത് ഒരുപക്ഷെ അസ്വസ്ഥതയോടെ ആയിരിക്കാം. കരയിൽ[5] നിന്ന മറ്റു മീൻപിടുത്തക്കാർ ചിരിക്കുന്നതും അവൻ കേട്ടിരിക്കാം. *എങ്കിലും,* യജമാനൻ പറഞ്ഞതുപോലെ അവൻ ചെയ്തു.

എങ്ങനെയാണ് ആ അനുസരണത്തിന് കർത്താവ് പ്രതിഫലം നൽകിയത്? വലവീശിയ ഉടനെ പത്രൊസിന് വലയിൽ എന്തോ ഭാരം അനുഭവപ്പെട്ടു. അവനും അവന്റെ സഹായികളും ചേർന്ന് വല വലിച്ചുകയറ്റുവാൻ തുടങ്ങി, വല നിറയെ മീൻ ആയിരുന്നു. വലയ്ക്കുള്ളിൽ മീൻ കിടന്ന് പിടക്കുകയായിരുന്നു, അവയുടെ വാലുകൾ ഇട്ടടിക്കുകയായിരുന്നു. സഹായി

കൾ വല വലിച്ച് പടകിലേക്കിറക്കിയപ്പോൾ, ഭാരം നിമിത്തം വല കീറുമെന്നായി. വിരളിപിടിച്ചുകൊണ്ട്, അവർ കടൽകരയിൽ നിന്ന മറ്റു കൂട്ടുകാരെ സഹായത്തിനായി വിളിച്ചു വരുത്തി.

യാക്കൊബും യോഹന്നാനും അവരുടെ പടകിൽ അവിടെ ചെന്നു. പെട്ടെന്നുതന്നെ രണ്ടു പടകും പിടക്കുന്ന, മീനുകളെ കൊണ്ടു നിറഞ്ഞു – ഭാരം നിമിത്തം പടക് മുങ്ങുമെന്നായി.[6] അവ നമ്മളിൽ ചിലർക്ക് പരിചയമുള്ള പത്ത്മുതൽ–പതിനഞ്ച്അടി–വരെയുള്ള നാടൻ ബോട്ടുകൾ പോലെയുള്ളതായിരുന്നില്ല. അത് ഗലീലാ കടലിൽ മീൻപിടിക്കുവാൻ ഉപയോഗിച്ചിരുന്ന ഇരുപത്–അടി മുതൽ മുപ്പതു–അടി വരെയുള്ളവയായിരുന്നു. മീൻപിടിക്കുന്നവർക്ക് ആ സമയത്ത് ഒരിക്കലും അത്തരത്തിൽ മീൻ വല നിറച്ച് കിട്ടിയിരുന്നില്ല!

പത്രൊസിനും മറ്റു മീൻപിടുത്തക്കാർക്കും അതെന്തൊരു കാഴ്ച്ച ആയിരുന്നിരിക്കണം! മീൻപിടുത്ത വിഷയത്തെ കുറിച്ചാണെങ്കിലും, താൻ സംസാരിക്കുന്നത് എന്താണെന്ന് കർത്താവിനു നല്ലതുപോലെ അറിയാമായിരുന്നു!

മിക്ക സമയത്തും, കർത്താവിന്റെ ആജ്ഞ നമ്മെ ബോധവാന്മാരാക്കുന്നതാണ്, എന്നാൽ അതെല്ലായ്പ്പോഴും അങ്ങനെ ആയിരിക്കുമെന്നുള്ള[7] ഉറപ്പില്ല. ചോദ്യം ഇതല്ല "അത് എനിക്ക് സ്വീകാര്യമാണോ?" ചോദ്യം ഇതാണ് "ഇതാണോ ക്രിസ്തു എന്നോട് ചെയ്യുവാൻ പറഞ്ഞത്?" അങ്ങനെയെങ്കിൽ, നമുക്ക് പത്രൊസിനെ പോലെ പ്രതികരിക്കാം: "നിന്റെ വാക്കുപോലെ ഞാൻ ചെയ്യാം." നാം അനുസരിക്കുകയാണെങ്കിൽ, അവസാനം കർത്താവിന്റെ വഴിയാണ് ശരിയായ വഴിയെന്ന് തിരിച്ചറിയും!

നിങ്ങൾ യേശുവിന്റെ ശിഷ്യൻ ആകണമെങ്കിൽ, അവൻ എല്ലാറ്റിന്റേയും യജമാനൻ ആണെന്ന് നിങ്ങൾ തിരിച്ചറിയണം – ആ വിശ്വാസത്തിൽ നിങ്ങൾ പ്രവർത്തിക്കുകയും വേണം.

## നിങ്ങൾ ചിലത്
## സമ്മതിക്കണം (വാ. 8-10)

അതിശയകരമായ ചില അത്ഭുതങ്ങൾ യേശു നടത്തിയത് പത്രൊസ് കണ്ടിട്ടുണ്ട്. അവൻ വെള്ളം വീഞ്ഞാക്കിയത് അവൻ കണ്ടു (യോഹന്നാൻ 2:1–11). ഒരു രാജ്യഭൃത്യന്റെ മകനെ അവൻ സൗഖ്യമാക്കുന്നത് കണ്ടിട്ടുണ്ട് (യോഹന്നാൻ 4:46–54). ക്രിസ്തു മറ്റു പല അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുന്നതും അവൻ കണ്ടിട്ടുണ്ട് (യോഹന്നാൻ 2:23; 3:2 നോക്കുക), എന്നാൽ ആ അത്ഭുതങ്ങൾ ഒന്നും ഈ അത്ഭുതത്തെ പോലെ അവനെ സ്വാധീനിച്ചില്ല. ഇത് ശീമോന്റെ തൊഴിലുമായി ബന്ധപ്പെട്ടതാണ്; അത് അവന്റെ ജീവിതരീതി കാണിക്കുന്നതായിരുന്നു. യേശു *സകലത്തിനും* കർത്താവാണെന്ന് അത് അവനെ ബോദ്ധ്യമാക്കി.

പത്രൊസ് യേശുവിനെ ഒരു പുതിയ കാഴ്ച്ചപ്പാടിൽ കണ്ടപ്പോൾ, അവൻ തന്നെയും ഒരു പുതിയ കാഴ്ച്ചപ്പാടിൽ കണ്ടു. അവന്റെ കുറവുകൾ ഉടനെ അവനിൽ ആശങ്കയുണ്ടാക്കി. "അവൻ യേശുവിന്റെ കാൽക്കൽ വീണു" – പിടക്കുന്ന മീനുകളുടെ കൂമ്പാരത്തിലേക്ക് വീണു – അവൻ പറഞ്ഞു, "കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആക കൊണ്ടു, എന്നെ വിട്ടു പോകേണമേ!" (വാ. 8) ദൈവത്തിന്റെ ശക്തിയും മഹത്വവും പെട്ടെന്നു അഭിമുഖീകരിക്കുമ്പോൾ എല്ലായ്പ്പോഴും ആളുകൾ പ്രതികരിച്ചതുപോലെ

യാണ് അവനും പ്രതികരിച്ചത് (ഉൽപത്തി 18:27; ഇയ്യോബ് 42:4; യെശയ്യാവ് 6:5).

നിങ്ങൾക്കു യേശുവിന്റെ ശിഷ്യൻ ആകണമെങ്കിൽ, രണ്ടു സത്യങ്ങൾ നിങ്ങൾ തിരിച്ചറിയണം: ഒന്ന്, *അവൻ* എല്ലാം ആണ് എന്ന് നിങ്ങൾ സമ്മതിക്കണം. തന്റെ പാപങ്ങൾ ഏറ്റു പറഞ്ഞപ്പോൾ പത്രൊസ് യേശുവിനെ സംബോധന ചെയ്തതു എങ്ങനെയാണെന്നു നോക്കുക: അവൻ യേശുവിനെ "കർത്താവ്" എന്നാണ് വിളിച്ചത്. പൗലൊസ് പറഞ്ഞു, നിങ്ങൾ രക്ഷിക്കപ്പെടണമെങ്കിൽ, "യേശുവിനെ കർത്താവു എന്നു വായി കൊണ്ട് ഏറ്റു പറയണം" (റോമർ 10:9). രണ്ട്, അവനാണ് എല്ലാം എന്നു നിങ്ങൾ സമ്മതിക്കുമ്പോൾ, *നിങ്ങൾ* ഒന്നുമല്ല എന്ന് തിരിച്ചറിയുകയാണ്. അവൻ നിങ്ങൾക്കാവശ്യമാണെന്ന് നിങ്ങൾ സമ്മതിക്കണം.

"തന്നെ കുറിച്ചു മാത്രം"[8] ചിന്തിക്കുന്ന ഒരു മനുഷ്യനിൽ കർത്താവിനു സ്ഥാനമില്ല. ഇങ്ങനെ പറയുന്നവരെ യേശുവിനു ഉപയോഗിക്കുവാൻ കഴിയുകയില്ല, "കർത്താവേ, ഞാൻ എത്ര നല്ലവൻ എന്നു കാണുക! നോക്കൂ ഞാൻ എത്ര മികവുറ്റവൻ, ഞാൻ എത്ര പ്രതിഭാശാലി, ഞാൻ എത്രത്തോളം വിജയിക്കുന്നു! എനിക്ക് എന്തെല്ലാം നേടുവാൻ കഴിയുമെന്ന് കണ്ട് നീ എന്നെ അനുമോദിക്കുമെന്ന് ഞാൻ കരുതുന്നു!" തന്നിലെ ബലഹീനതയെയും അവനിലുള്ള ആശ്രയത്തെയും തിരിച്ചറിഞ്ഞ്, അവന്റെ കാൽക്കൽ വീഴുന്നവരെ മാത്രമാണ് ക്രിസ്തു ഉപയോഗിക്കുന്നത്. മറ്റൊരാളുടെ വാക്ക് കടമെടുക്കുകയാണെങ്കിൽ, നിങ്ങൾ ഇങ്ങനെ പറയുവാൻ തയ്യാറാകണം, "ദൈവമേ പാപിയായ എന്നോട് കരുണയുണ്ടാകേണമേ" (ലൂക്കൊസ് 18:13; കെജെവി).

## നിങ്ങൾ ചില മാറ്റങ്ങൾ വരുത്തണം
## (വാ. 10)

യേശുവിനും തനിക്കും ഇടയിലുള്ള പിളർപ്പ് പത്രൊസ് കണ്ടപ്പോൾ, അവൻ പറഞ്ഞു, "എന്നെ വിട്ടുപോകേണമേ" (വാ. 8). ഭാഗ്യവശാൽ, അവന്റെ അപേക്ഷ യേശു നടപ്പാക്കിയില്ല. മറിച്ച്, ഒരു പ്രത്യേക വെല്ലുവിളിയോടുകൂടി യേശു പത്രൊസിനെ അടുപ്പിക്കുകയാണ് ചെയ്തത്. "യേശു ശീമോനോടു പറഞ്ഞു, 'ഭയപ്പെടേണ്ടാ, ഇന്നുമുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും'" (വാ. 10) "പിടിക്കുന്നവൻ" എന്ന വാക്ക് വർത്തമാന കാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അതു തുടർ പ്രവർത്തിയെയാണ് സൂചിപ്പിക്കുന്നത്. അത് ഒരു കഴിഞ്ഞകാല സാഹസമായി തീരേണ്ട ഒന്നല്ല, എന്നാൽ ആയുഷ്കാല തൊഴിൽ ആകണമായിരുന്നു. കൂടാതെ, "പിടിക്കുന്ന" എന്ന ഗ്രീക്ക് വാക്കിന്റെ തർജ്ജിമ അക്ഷരികമായി അർത്ഥമാക്കുന്നത് "ജീവനോടെ പിടിക്കുക"[9] എന്നാണ്. അവർ ആളുകളെ യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവരുന്നു, അവൻ "ലോകത്തിന്നു ജീവനെ കൊടുക്കുന്നു" (യോഹ ന്നാൻ 6:33). മത്തായി ആ ക്ഷണത്തെ ഇങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്: "എന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (4:19; മർക്കൊസ് 1:17 നോക്കുക).

തന്റെ ജീവിതത്തെ വീണ്ടും ശ്രദ്ധിക്കേണ്ട വെല്ലുവിളിയാണ് പത്രൊസിനു ലഭിച്ചത്. മീനിനെ പിടിക്കുന്നതിൽ മാത്രമാണ് അവൻ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്; ഇനി അവന്റെ ജീവിതം മനുഷ്യരെ പിടിക്കുന്ന പ്രവർത്തിയിലാണ് കേന്ദ്രീകരിക്കുവാൻ പോകുന്നത്.

യേശു കൃഷിക്കാരെ രാജ്യത്തിന്റെ വിത്തു വിതെപ്പാൻ ക്ഷണിച്ചു (വചനം; ലൂക്കൊസ് 8:11).[10] യേശു വ്യാപാരികളെ "വലിയ വിലയുള്ള മുത്തിനെ കുറിച്ച്" ആളുകളോടു പറയുവാൻ ക്ഷണിച്ചു (മത്തായി 13:46; സുവിശേഷം). യേശു തന്റെ ഭവനത്തോടു ചേർക്കുന്നതിന് ആശാരിമാരെയും വിളിക്കുന്നു (സഭ; നോക്കുക മത്തായി 16:18; 1 തിമൊഥെയൊസ് 3:15; കെജെവി). ആത്മാക്കളെ സൗഖ്യമാക്കുന്ന വലിയ വൈദ്യനോടൊപ്പം പ്രവർത്തിക്കുവാൻ യേശു വൈദ്യന്മാരെ ക്ഷണിച്ചു (യോഹന്നാൻ 12:40). നിങ്ങളുടെ തൊഴിൽ അല്ലെങ്കിൽ ജീവിതത്തിലെ താൽപര്യം എന്തുതന്നെയായാലും, നിങ്ങൾക്കു യേശുവിന്റെ ശിഷ്യൻ ആകണമെന്നുണ്ടെങ്കിൽ, നിങ്ങളുടെ ജീവിതത്തെ നിങ്ങൾ ശ്രദ്ധയോടെ പുനഃപരിശോധിക്കണം. നിങ്ങളുടെ ജീവിതത്തിന്റെ പ്രാധാന്യത്തെ മാറ്റുമ്പോൾ, ഊന്നലുകളിലും മുൻഗണനകളിലും മാറ്റമുണ്ടാകും.

എന്റെ ഒരു സ്നേഹിതനായ, ഫ്ളോയിഡ് സ്കൂബെർട്ടിന്, നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂൾ–സാമഗ്രികളുടെ ഒരു കമ്പനിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മേശപ്പുറത്ത്, ഈ ഒരു അടയാളം ഉണ്ടായിരുന്നു: "എന്റെ വ്യാപാരം ദൈവത്തെ സേവിക്കലാണ്. ഞാൻ പെൻസിലുകൾ വിൽക്കുന്നത് എന്റെ ബില്ലുകൾ കൊടുത്തു തീർക്കുന്നതിനാണ്."

## നിങ്ങൾ ചിലത് ഉപേക്ഷിക്കണം
## (വാ. 11)

മുൻപ് നാം കണ്ടതുപോലെ, പത്രൊസ് മുൻപും യേശുവിനോടുകൂടെ സഞ്ചരിച്ചിട്ടുണ്ട്. അവന്റെ സ്നേഹിതന്മാരും സഞ്ചരിച്ചിട്ടുണ്ട്. ഇപ്പോൾ യേശു അവരെ വിളിക്കുന്നത് ശിഷ്യത്വത്തിന്റെ ഒരു പുതിയ നിലവാരത്തിലേക്കാണ്: അതായത് മുഴുവൻ–സമയവും[11] അവനെ അനുഗമിക്കുവാൻ. ഇതു ചെയ്യുവാൻ, അവർ തങ്ങളുടെ വള്ളം, വല, മീൻ ഇവയെല്ലാം ഉപേക്ഷിക്കേണ്ടിയിരുന്നു. അവർക്ക് പ്രാധാന്യമുണ്ടായിരുന്ന പലതും അവർ ഉപേക്ഷിക്കേണ്ടിയിരുന്നു. അവർക്ക് സ്ഥിരമായുണ്ടായിരുന്ന വരുമാനവും സാമ്പത്തിക ഭദ്രതയും വിട്ടുകളയണമായിരുന്നു.

അവർ മാന്യമായ നിലയിൽ മത്സ്യവ്യാപാരം നടത്തിയിരുന്നവരായിരുന്നുവെന്ന്, എല്ലാ സൂചനകളും വ്യക്തമാക്കുന്നു. പങ്കാളികൾക്ക് ഒന്നിലധികം വള്ളങ്ങൾ ഉണ്ടായിരുന്നതായി നാം കണ്ടു. യാക്കൊബിനും യോഹന്നാനും കൂലിക്കാരുമുണ്ടായിരുന്നു (മർക്കൊസ് 1:20). യാക്കൊബിന്റെയും യോഹന്നാന്റേയും അമ്മ യേശുവിനെയും അവന്റെ ശിഷ്യന്മാരെയും പിന്നീട് സാമ്പത്തികമായി സഹായിച്ചിരുന്നവരിൽ ഒരാളാണ് (മത്തായി 27:55, 56; ലൂക്കൊസ് 8:3). യോഹന്നാൻ മഹാപുരോഹിതനു പരിചയമുള്ളവനായിരുന്നു (യോഹന്നാൻ 18:15); അവനും അവന്റെ കുടുംബത്തിനും ഒരുപക്ഷെ വിശ്വസ്തനായ ആ ഉദ്യോഗസ്ഥനുമായി വ്യാപാര ബന്ധമുണ്ടായിരുന്നിരിക്കാം. ഇപ്പോൾ ആ ഉയർന്ന ലാഭകരമായ വ്യാപാരം വിട്ടുകളയേണ്ടിവരുന്നു.

അത് അധികവും ആവശ്യപ്പെടുന്ന ഒന്നായിരുന്നു – എന്നാൽ ആ പുരുഷന്മാർ അത്രയും വിട്ടുകളയേണ്ടിവരുമെന്ന് വിചാരിച്ചിരിക്കയില്ല. വാക്യം 11–ൽ നാം വായിക്കുന്നു, "പിന്നെ അവർ പടകുകളെ കരെക്കു അടുപ്പിച്ചിട്ട്, സകലവും വിട്ടു അവനെ അനുഗമിച്ചു." മർക്കൊസ് നമ്മോടു പറയുന്നത് പത്രൊസും അവന്റെ സഹോദരനായ അന്ത്രെയാസും "ഉടനെ ... അവർ

വല വിട്ടു അവനെ അനുഗമിച്ചു" എന്നാണ് (1:18), പിന്നെ യാക്കൊബും യോഹന്നാനും "അവർ അപ്പനായ സെബെദിയെ കൂലിക്കാരോടുകൂടെ പട കിൽ വിട്ട്, അവനെ അനുഗമിച്ചു" (വാ. 20).

ചിലർ എതിർക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്, "എന്നാൽ കർത്താവ് അത് തന്റെ എല്ലാ ശിഷ്യന്മാരിൽ നിന്നും തീർച്ചയായിട്ടും ആവശ്യപ്പെടുന്നില്ല." ലൂക്കൊസ് 14–ൽ യേശു പിൻപറ്റുവാൻ ആഗ്രഹിക്കുന്ന ഒരു സംഘത്തോട് പറഞ്ഞു, "അങ്ങനെ തന്നേ, നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയി ല്ല" (വാ. 33). പല പ്രീച്ചർ ട്രെയിനിങ് സ്കൂളുകളിൽ പഠിപ്പിച്ചിരുന്നതുകൊ ണ്ട്, തങ്ങളുടെ ലാഭകരമായ വ്യവസായങ്ങളും ഉയർന്ന–ശമ്പളമുള്ള ജോലി കളും വിട്ടുകളഞ്ഞ പല പുരുഷന്മാരെയും എനിക്കറിയാം – എങ്ങനെ ദൈവ വചനം പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യണമെന്ന് പഠിക്കുവാൻ വേണ്ടിയാണ് അവർ തങ്ങൾക്കുള്ളതെല്ലാം വിട്ടുകളഞ്ഞത്.

എതിർക്കുന്നവർ പിന്നെയും ചോദിക്കും, "എന്നാൽ മുഴുവൻ–സമയ ഉപദേഷ്ടാക്കന്മാർ ആകുവാൻ തീരുമാനിക്കാത്ത ആളുകളെ സംബ ന്ധിച്ചോ?" നിങ്ങൾ അപ്പോഴും "ചിലത് വിട്ടുകളയുവാൻ" തയാറാകണം: നിങ്ങൾക്കും കർത്താവിനെ[12] പൂർണ്ണമായി സേവിക്കുന്നതിനും മദ്ധ്യേ തട സമായി നിൽക്കുന്നതെന്തും നിങ്ങൾ വിട്ടുകളയണം. മത്തായി 16:24–ൽ യേശു ഊന്നി പറഞ്ഞു, "ആരെങ്കിലും എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ, *അവൻ തന്നെത്താൻ ത്യജിച്ച്*, തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്ക ട്ടെ." (എംഫസിസ് മൈൻ.)

എന്തുതന്നെയായാലും, നിങ്ങളെ കരുതുവാനായി കർത്താവിൽ നിങ്ങൾ ആശ്രയിക്കുവാൻ തയ്യാറാവുകയും വേണം. പത്രൊസും, അന്ത്രെയാസും, യാക്കൊബും, യോഹന്നാനും ഗലീലാ കടലിന്നക്കരെ നിന്നു യേശുവിനെ അനുഗമിച്ചപ്പോൾ, മീൻ പിടിക്കുവാൻ അവരെ സഹായിച്ചതുപോലെ അവ രുടെ ആവശ്യങ്ങൾ കർത്താവ് നിറവേറ്റുവാൻ അവർ അവനിൽ ആശ്രയി ക്കുകയായിരുന്നു. ചിലപ്പോൾ നാം വേണ്ടതുപോലെ കർത്താവിൽ ആശ്ര യിക്കുകയില്ല. ഇങ്ങനെ പറയുന്ന ചിലയാളുകളെ എനിക്കറിയാം, "ക്രിസ്ത്യാനിയായി തീരുന്നതിനുമുൻപ് ഞാൻ വ്യവസായം ചെയ്തിരുന്നത് വിട്ടു കളഞ്ഞിരുന്നെങ്കിൽ, എനിക്കു ഒരിക്കലും ജീവിക്കുവാൻ കഴിയുമായിരു ന്നില്ല! എന്റെ കുടുംബം പട്ടിണിയാകും." നാം ക്രിസ്തുവിനെയും അവന്റെ വഴികളെയും പിൻപറ്റിയാൽ, ജീവിതത്തിലെ ആവശ്യങ്ങൾ നിറവേറ്റുമെന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്തായി 6:33). പൗലൊസ് എഴുതി,
"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും" (ഫിലിപ്പിയർ 4:19).[13]

ഒരിക്കൽ പത്രൊസ് യേശുവിനോടു പറഞ്ഞു, "ഇതാ, ഞങ്ങൾ സക ലവും വിട്ട് നിന്നെ അനുഗമിച്ചിരിക്കുന്നു" (മർക്കൊസ് 10:28). അപ്പോൾ യേശു ഈ ഉറപ്പു അവനു നൽകി:

> എന്റെ നിമിത്തവും സുവിശേഷം നിമിത്തവും, വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങ ളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നേ, ഉപദ്രവങ്ങളോടുംകൂടെ നൂറുമ

ടങ്ങു വീടുകളെയും, സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും, മക്കളെയും നിലങ്ങളെയും; വരുവാനുള്ള ലോകത്തിൽ, നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (വാ. 29, 30)

ക്രിസ്തുവിന്റെ ശിഷ്യനാകുവാൻ നിങ്ങൾക്ക് എന്തുവിട്ടുകളയേണ്ടി വന്നാലും, നിങ്ങൾക്ക് ഒരിക്കലും കർത്താവിനെ വിട്ട്–കളയേണ്ടി വരികയില്ല.

### നിങ്ങൾ ചിലതു ചെയ്യണം (വാ. 11)

യേശുവിന്റെ ശിഷ്യനായി തീരുവാനുള്ള അവസാനത്തെ ഒരു ആവശ്യകത നാം പറയേണ്ടതുണ്ട്. ആ സ്പഷ്ടമായ ആവശ്യകത "ശിഷ്യൻ" എന്ന വാക്കിൽ അന്തർലീനമായിട്ടുണ്ട്, നാമത് പാഠസന്ദർഭത്തിൽ കണ്ടതുമാണ് – എന്നാൽ അതു പറയുക തന്നെ വേണം: നിങ്ങൾ ചിലതു *ചെയ്യണം*. പ്രത്യേകമായി, നിങ്ങൾ അവനെ *അനുഗമിക്കണം*. നമ്മുടെ വേദഭാഗം പറയുന്നതു പത്രൊസും മറ്റുള്ളവരും "എല്ലാം വിട്ട് അവനെ *അനുഗമിച്ചു*" എന്നാണ് (വാ. 11; എംഫസിസ് മൈൻ). മത്തായിയും മർക്കൊസും ഊന്നി പറയുന്നത് ആ നാലുപേർ തങ്ങളുടെ പടകുകളും വലകളും വിട്ട് "അവനെ *അനുഗമിച്ചു*" എന്നാണ് (മത്തായി 4:20, 22; മർക്കൊസ് 1:18, 20; എംഫസിസ് മൈൻ). യേശു പറഞ്ഞു, "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ... തന്റെ ക്രൂശ് എടുത്ത് എന്നെ *അനുഗമിക്കട്ടെ*" (മത്തായി 16:24; എംഫസിസ് മൈൻ). യേശുവിനെ പിൻപറ്റുന്നത് പത്രൊസിനും മറ്റുള്ളവർക്കും എളുപ്പമായിരുന്നില്ല. യേശുവിനെ അനുഗമിച്ചതുകൊണ്ടു ശിഷ്യന്മാർക്കു ക്ഷീണവും, ശത്രുതയും, ക്രമേണ മരണവും അനുഭവിക്കേണ്ടി വന്നു. എങ്കിലും, അവർ ഒരു സമർപ്പണം എടുത്തിരുന്നു. അവർ എവിടെയെല്ലാം പോകണമെന്ന്[14] ക്രിസ്തു ആഗ്രഹിച്ചുവോ അവിടെയെല്ലാം അവർ ക്രിസ്തുവിനെ അനുഗമിച്ചു.

നിങ്ങളിൽ ചിലർ ഇനിയും യേശുവിന്റെ ശിഷ്യന്മായി തീർന്നിരിക്കയില്ല. നിങ്ങൾക്കുവേണ്ടി മരിച്ചവനാണ് യേശു എന്നും, നിങ്ങളെ നിങ്ങളുടെ പാപത്തിൽനിന്ന് മോചിപ്പിക്കുവാൻ കഴിയുന്നവനാണ് അവനെന്നും നിങ്ങൾ വിശ്വസിക്കേണ്ടതുണ്ട്. ക്രിസ്തു (ഞാൻ അല്ല) പറഞ്ഞു, "... ഞാൻ അങ്ങനെയുള്ളവൻ [മശിഹ] എന്നു വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (യോഹന്നാൻ 8:24). രക്ഷിക്കപ്പെടേണ്ടതിനുള്ള യജമാനന്റെ ആജ്ഞ (എന്റേതല്ല) വിശ്വസിക്കുവാനും സ്നാനമേൽക്കുവാനുമാണ് (വെള്ളത്തിൽ മുങ്ങൽ) (മർക്കൊസ് 16:16; മത്തായി 28:18 നോക്കുക). ഒരിക്കൽ നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്നാൽ, ആയുഷ്ക്കാലം മുഴുവൻ നിങ്ങൾ അവനെ അനുഗമിക്കണം. അവൻ "നമുക്കു അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക" വെച്ചേച്ചു പോയിരിക്കുന്നു (1 പത്രൊസ് 2:21). അതെല്ലായ്പ്പോഴും എളുപ്പമായിരിക്കുകയില്ല (പ്രവൃത്തികൾ 14:22), എന്നാൽ അവന്റെ ശിഷ്യനായി തീരുവാനുള്ള "ചുരുങ്ങിയ ആവശ്യകത" അതാണ്!

### ഉപസംഹാരം

ശിഷ്യത്വത്തിന് വേണ്ടതായ പല ആവശ്യകതകളും നാം കണ്ടുകഴി

ഞ്ഞു.

നാം ചിലത് പഠിക്കണം: നാം വചനത്തിന്റെ വിദ്യാർത്ഥികൾ ആകണം.

നാം ചിലത് മനസ്സിലാക്കണം: നമ്മുടെ ജീവിതങ്ങളുടെ യജമാനൻ യേശുവാണെന്ന് നാം മനസ്സിലാക്കണം.

നാം ചിലത് സമ്മതിക്കണം: നമ്മുടെ സ്വന്തം പോരായ്മകളും ക്രിസ്തുവിലുള്ള ആശ്രയത്വവും നാം സമ്മതിക്കണം.

നാം ചില മാറ്റങ്ങൾ വരുത്തണം: നമ്മുടെ ജീവിതത്തിന്റെ കാഴ്ച്ചപ്പാടുകൾ നാം മാറ്റണം. നാം കർത്താവിനെ മഹത്വപ്പെടുത്തേണ്ടതിനും മറ്റുള്ളവരെ അവന്റെ അടുക്കലേക്കു കൊണ്ടുവരേണ്ടതിനും വേണ്ടി ജീവിക്കണം.

നാം ചിലത് ഉപേക്ഷിക്കണം: അവനെ പൂർണ്ണമായും സേവിക്കുന്നതിന് തടസമായി നിൽക്കുന്നതെന്തും വിട്ടുകളയുവാൻ നാം തയ്യാറാകുകയും, കർത്താവിൽ ആശ്രയിക്കുവാൻ ഒരുങ്ങുകയും വേണം.

നാം ചിലത് ചെയ്യണം: നാം എവിടെ പോകണമെന്ന് അവൻ ആഗ്രഹിക്കുന്നുവോ അവിടേക്ക് നാം അവനെ പിന്തുടർന്നു പോകുവാൻ തയ്യാറാണം.

അവന്റെ ശിഷ്യനായി തീരുവാനുള്ള[15] യോഗ്യതകൾ നിങ്ങൾക്കുണ്ടോ?

---

കുറിപ്പുകൾ

[1]"പഠിക്കുക" എന്ന വാക്കിന്റെ ഒരു രൂപത്തെ, "ഒരാൾ" എന്നു സൂചിപ്പിക്കുന്ന –*ടെസ്* എന്ന അവസാനവാക്കുമായി ഗ്രീക്ക് വാക്ക് സംയോജിപ്പിക്കുന്നു. [2]വേണമെങ്കിൽ, നിങ്ങൾക്കു പറയാം, "ഒരു ശിഷ്യൻ എന്നാൽ എന്താണർത്ഥമാക്കുന്നതു എന്നു പഠിക്കുവാൻ നമുക്കു പല വേദഭാഗങ്ങളിലേക്ക് പോകാം." മുൻ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങളിൽ ചിലത് നിങ്ങൾക്കു വായിക്കുകയോ ഉദ്ധരിക്കുകയോ ചെയ്യാം – അതോടൊപ്പം മറ്റുള്ളതും, ഉദാഹരണമായി യോഹന്നാൻ 13:35–ഉം യോഹന്നാൻ 15:8–ഉം പറയാം. പിന്നെ, "എങ്ങനെയായാലും, നമ്മുടെ പഠനത്തിന്, നമുക്ക് ലൂക്കൊസ് 5:1–11 ൽ ശ്രദ്ധ കേന്ദ്രീകരിക്കാം" എന്നും ചേർക്കാം. [3]ലൂക്കൊസിന്റെ പുസ്തകത്തിൽ ഉള്ളത് "ഗന്നേസരെത്ത് തടാകം" എന്നാണ്, അത് ഗലീലാ കടലിന്റെ മറ്റൊരു പേരാണ്. ഈ പുസ്തകത്തിലെ അനുബന്ധ ഭാഗത്തുവരുന്ന "ഗലീലാ കടൽ" നോക്കുക. [4]ആ വാക്ക് യേശുവിനെ സംബോധന ചെയ്യുന്നതിന് വാക്യം 8–ൽ ഉപയോഗിച്ചിട്ടുണ്ട്. [5]നൂറു കണക്കിന് ആളുകൾ കടലിൽ മീൻ പിടിച്ചുകൊണ്ടിരുന്നു. [6]വാക്യം 7 പറയുന്നതു പടകുകൾ "മുങ്ങുവാൻ തുടങ്ങി" എന്നാണ്, എന്നാൽ അവ വാസ്തവത്തിൽ മുങ്ങിയില്ല. ഒരുപക്ഷെ മീൻപിടുത്തക്കാർ ഒരു പടകിൽ നിന്ന് മീൻ മറ്റുപടകിലേക്ക് മാറ്റിയിരിക്കാം അല്ലെങ്കിൽ അതുപോലെ എന്തെങ്കിലും ചെയ്തിരിക്കാം. [7]വലിയ അർത്ഥമൊന്നും ജനിപ്പിക്കാത്ത ചില ദിവ്യ ആജ്ഞകളുടെ ഉദാഹരണങ്ങൾ നിങ്ങൾക്കു വേണമെങ്കിൽ നൽകാം: യെരീഹോ മതിലിനു ചുറ്റും പ്രദക്ഷിണം ചെയ്യുന്നത് അല്ലെങ്കിൽ യോർദ്ദാൻ നദിയിൽ ഏഴു പ്രാവശ്യം മുങ്ങുന്നത്, ഉദാഹരണമായി പറയാം. ചിലർക്ക്, സ്നാനം മുങ്ങലായി കാണുന്നതോ ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കർത്തൃമേശ എടുക്കണം എന്നതിന്റെ ആവശ്യകതയോ യുക്തി രഹിതമായി തോന്നിയേക്കാം. [8]"തന്നെ കുറിച്ചു മാത്രം" എന്ന പ്രയോഗത്തിനർത്ഥം "അഹങ്കാരം നിറഞ്ഞ" എന്നാണ്. ഞാൻ വിചാരിക്കുന്നത്, അതു, സ്വയം–വിവരിക്കുന്നതാകുമ്പോൾ, നിങ്ങൾക്ക് നിങ്ങളുടെ പ്രദേശത്ത് പൊതുവായി

പറയുന്ന അതുപോലെയുള്ള പ്രയോഗത്തെ ഉപയോഗിക്കാം. [9]എന്റെ ഇന്റർലീനിയർ ബൈബിളിൽ ഗ്രീക്കിന്റെ അക്ഷരിക തർജ്ജിമ ഉള്ളത്: "നിങ്ങൾ ജീവനുള്ള മനുഷ്യരെ എടുത്തുകൊണ്ടിരിക്കും" എന്നാണ്. [10]എന്റെ പ്രദേശത്തെ പൊതുവായ പല തൊഴിലുകൾ ഞാൻ പറയുന്നു. നിങ്ങളുടെ പ്രദേശത്തെ തൊഴിലുകൾ പറയുവാൻ അത് എടുത്ത് ഉദ്ധരിക്കാവുന്നതാണ്.

[11]"ഗലീലയ്ക്ക് വടക്ക്" എന്ന പാഠത്തിൽ ശിഷ്യത്വത്തിന്റെ മൂന്നു ഘട്ടങ്ങൾ ചർച്ച ചെയ്തിരിക്കുന്നത് നോക്കുക. [12]മത്തായി 18:8, 9–ലെ ശക്തമായ ഉപദേശം വേണമെങ്കിൽ ഇവിടെ ചേർക്കാം (കൂടാതെ മത്തായി 5:29, 30 നോക്കുക). സ്വയം–വികലമാക്കുന്നതല്ല ഈ വേദഭാഗം പഠിപ്പിക്കുന്നത്, മറിച്ച് ദൈവത്തെ അനുസരിക്കാതിരിക്കുന്നതിന് തടസ്സമായിട്ടുള്ള എന്തിനെയും "മുറിച്ചു കളയുക" (ഒഴിവാക്കുക) എന്ന തത്വമാണ്. [13]ഞാൻ ഈ വരികൾ എഴുതുമ്പോൾ പോലും, മറ്റു രാജ്യങ്ങളിലെ ക്രിസ്ത്യാനികൾ പരീക്ഷിക്കപ്പെട്ടതുപോലെ ഞാൻ പരീക്ഷിക്കപ്പെട്ടിട്ടില്ല എന്നെനിക്കറിയാം. യേശുവിനെ അനുഗമിക്കുവാൻ, അവർക്ക് അക്ഷരാർത്ഥത്തിൽ വിലപ്പെട്ടതെല്ലാം വിട്ടുകളയേണ്ടി വന്നിട്ടുണ്ട്. യേശുവിന്റെ ശിഷ്യന്മാർ ആകുവാൻ, അവരുടെ ജീവിതം ദാരിദ്ര്യത്തിന്റെ / പട്ടണിയുടെ വക്കിലെത്തിയിട്ടുണ്ട്. എന്റെ ഹൃദയം അവരിലേക്ക് നീങ്ങി, ഇങ്ങനെ പറയുവാൻ മാത്രം എനിക്കു കഴിയും, "ഞങ്ങൾ ക്കെല്ലാം നിങ്ങൾ കാണിച്ച നല്ല മാതൃകക്ക് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!" [14]അപ്പൊസ്തലന്മാരുടെ ബലഹീനതകളെ കുറിച്ചും യേശുവിനെ അനുഗമിക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്നതെല്ലാം അവർ കൂടുതൽ മനസ്സിലാക്കേണ്ടിയിരുന്നു എന്ന വസ്തുതയെ കുറിച്ചും ഞാൻ ബോധവാനാണ്. അപ്പോഴും, അതിന്റെ അന്തിമഫലം ഈ വാചകത്തിൽ തന്നെ പ്രസ്താവിച്ചിരിക്കുന്നു. [15]നിങ്ങൾ ഈ പ്രസംഗം ഉപയോഗിക്കുമ്പോൾ, നിങ്ങളുടെ സദസ്യർ ശിഷ്യന്മാരായി തീരേണ്ടതിന് ആവശ്യമായതെല്ലാം ചെയ്യുവാൻ അവരെ പ്രബോധിപ്പിക്കുക. ഈ പാഠത്തിലെ അവസാനത്തെ മുഖ്യ വിഷയത്തിലെ അവസാന ഖണ്ഡിക വിപുലീകരിക്കുക.